"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡിഎ1/284/2023-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 09-11-2023

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - ശ്രുതിതരംഗം പദ്ധതി - കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിയ്ക്ക് വിധേയരായ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസിനായി തുക സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കൈമാറുന്നത് - സംബന്ധിച്ച്.

സൂചന:-
1. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022
2. സ.ഉ.(സാധാ) നം.162/2023/SJD; തീയതി 26.07.2023
3. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി എക്സിക്യൂട്ടീവ് ഡയറക്ടറുടെ 12.09.2023, 17.10.2023 തീയതികളിലെ SHA/157/2023-MGR(OPN) നമ്പർ കത്തുകൾ

*********************

സംസ്ഥാനത്ത് കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിയ്ക്ക് വിധേയരായ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസിനായി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും ഒരു കുട്ടിക്ക് 50,000/- രൂപ നിരക്കിൽ കുട്ടികളുടെ ലിസ്റ്റ് സഹിതം കേരള സാമൂഹ്യ സുരക്ഷാമിഷന് കൈമാറുന്നതിന് സബ്സിഡി - ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച സൂചന (1) മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

2. സാമൂഹ്യനീതി വകുപ്പിന് കീഴിൽ കേരള സാമൂഹ്യ സുരക്ഷാമിഷൻ മുഖാന്തിരം നടപ്പാക്കി വന്നിരുന്ന ശ്രുതിതരംഗം പദ്ധതിയും ധ്വനി പദ്ധതി, അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസ് പദ്ധതി എന്നീ ഉപപദ്ധതികളും 2023-2024 സാമ്പത്തിക വർഷം മുതൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖേന നടപ്പാക്കുന്നതിനായി സൂചന (2) പ്രകാരം ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ പദ്ധതിയ്ക്കായുള്ള വിഹിതം നേരിട്ട് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് നൽകണമെന്നും ഇത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

3. മേൽ പദ്ധതിക്കായി കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് കൈമാറിക്കൊണ്ടിരുന്ന തുക, നിർവ്വഹണ ഏജൻസി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിട്ടുള്ള സാഹചര്യത്തിൽ, ടി തുക യഥാസമയം SHA യുടെ നിർദ്ദിഷ്ട ബാങ്ക് അക്കൗണ്ടിൽ ഒടുക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണമെന്ന് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി സൂചന (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് ചുവടെയുള്ള നിർദ്ദേശങ്ങൾ നൽകുന്നു.

- കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിയ്ക്ക് വിധേയരായ കുട്ടികളുടെ അനുബന്ധ

ഉപകരണങ്ങളുടെ മെയിന്റനൻസിനായി തദ്ദേശ സ്വയംഭരണ സ്ഥാപനം കൈമാറേണ്ട ഒരു കുട്ടിക്ക് 50,000/- രൂപ വീതമുള്ള തുക, ഇനി മുതൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ ചുവടെയുള്ള ബാങ്ക് അക്കൗണ്ടിൽ കൈമാറേണ്ടതാണ്.

-

| **Bank Account Details:** | |
|---|---|
| Name | : State Health Agency Kerala |
| A/c No. | : 3301005800000015 |
| IFSC | : PUNB0330100<br>PNB,Statue Branch |

- ഈ ഇനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വകയിരുത്തുന്ന ആകെ തുക സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ മേൽ ബാങ്ക് അക്കൗണ്ടിലേക്ക് അടവാക്കി ആയതിന്റെ ട്രാൻസാക്ഷൻ രസീതും ഗുണഭോക്താക്കളായ കുട്ടികളുടെ ലിസ്റ്റും സഹിതം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കൈമാറണം.
- വർഷാവർഷം ഓരോ കുട്ടിയുടേയും ഇംപ്ലാന്റിന്റെ മെയിന്റനൻസിന്റെ ആവശ്യകത ഉന്നയിക്കുകയോ, ഡോക്ടറുടെ സർട്ടിഫിക്കറ്റ് ആവശ്യപ്പെടുകയോ ചെയ്യേണ്ടതില്ല. മെയിന്റനൻസിന്റെ യൂണിറ്റ് കോസ്റ്റായി മാർഗ്ഗരേഖ പ്രകാരം നിശ്ചയിച്ച് നൽകിയ തുക സാമ്പത്തിക വർഷം ആദ്യം തന്നെ പ്രോജക്ട് മുഖേന സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കൈമാറുന്നതിനും വർഷാവസാനം തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനും ഗ്രാമപഞ്ചായത്തുകളും/ നഗരഭരണ സ്ഥാപനങ്ങളും നടപടി സ്വീകരിക്കേണ്ടതാണ്.
- സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിലേക്ക് നൽകപ്പെടുന്ന തുക, ഏത് കുട്ടിക്ക് വേണ്ടിയാണോ തദ്ദേശ സ്ഥാപനം വകയിരുത്തിയിട്ടുള്ളത്, പ്രസ്തുത കുട്ടികളുടെ പരാമർശിക്കപ്പെട്ടിട്ടുള്ള ആവശ്യകതയിലേക്കായി തന്നെ വിനിയോഗിക്കേണ്ടതാണ്. ഇത് കൂടാതെ തുക വിനിയോഗം സംബന്ധിച്ച യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ലഭ്യമാക്കേണ്ടതുമാണ്.
- കേരള സാമൂഹ്യ സുരക്ഷാമിഷനിൽ ഈ പദ്ധതിയ്ക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കിയതിൽ പദ്ധതിക്കായി ചെലവഴിക്കാത്ത തുക ഗുണഭോക്തൃ പട്ടികയും അപേക്ഷകളും സഹിതം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയ്ക്ക് കൈമാറേണ്ടതാണ്.

ലീന എൻ പി
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
4. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
5. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
6. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
7. എക്സിക്യൂട്ടീവ് ഡയറക്ടർ, സ്റ്റേറ്റ് ഹെൽത്ത് ഏജൻസി

8. എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ
9. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
12. എല്ലാ ജില്ലാ കളക്ടർമാർക്കും
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ ജനറൽ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
20. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
21. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Viraj K

Date: 09-11-2023 14:59:31

സെക്ഷൻ ഓഫീസർ.